# Thanbeehul Islam School's Achievement Reflector





# Tech-Spectrum

TIHSS Naimarmoola

## സന്ദേശം



കുസുമം ജോൺ
ഹെഡ്മിസ്ട്രസ്

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ടീം അണിയിച്ചൊരുക്കിയ ഡിജിറ്റൽ മാഗസിൻ കെട്ടിലും മട്ടിലും മികച്ച നിലവാരം പുലർത്തിയതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും മികച്ച സൃഷ്ടികൾ മാത്രമുൾക്കൊള്ളുന്ന ഈസംരംഭം നമ്മുടെ വിദ്യാലയത്തിനു മുതൽക്കൂട്ടാകുമെന്നതിൽ തർക്കമില്ല. മാഗസിനും അണിയറ പ്രവർത്തകർക്കും നന്മകൾ നേരുന്നു

---

## സന്ദേശം

ആധുനിക സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉൾപ്പെടുത്തി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗം അണിയിച്ചൊരുക്കിയ ഡിജിറ്റൽ മാഗസിൻ വിദ്യാലയത്തിന്റെ വിവിധ പ്രവർത്തന മേഖലകളിലെ ഒരു പൊൻതൂവലാണെന്നതിൽ തർക്കമില്ല. ഇതിന് പിന്നിൽ ഒരുപാട് അധ്വാനം ഉണ്ടായിട്ടുണ്ടെനത് പ്രത്യേകം സ്മരണീയമാണ്. മാഗസിനും അണിയറ പ്രവർത്തകർക്കും നന്മകൾ നേരുന്നു.



പി. മൂസക്കുട്ടി
ഡപ്യൂട്ടി ഹെഡ്മാസ്റ്റർ

# ആമുഖം

സങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ
ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും
പ്രയോജനപ്പെടുത്തുന്നതിനായി
"ലിറ്റിൽകൈറ്റസ് "
എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ
ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ
പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്.
ടി.ഐ.എച്ച്.എസ്.എസ്.നായൻമാർമൂല സ്കൂളിലെ
ലിറ്റിൽകൈറ്റസ് വിദ്യാർത്ഥികൾ
തയ്യാറാക്കിയതാണ് "**ടെക്സ്പെക്ട്രം**" എന്ന ഡിജിറ്റൽ
മാഗസിൻ.ഞങ്ങളുടെ വിദ്യാലയത്തിലെ
അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും
കവിതകളും ചിത്രങ്ങളും കഥാസമാഹാരങ്ങളുമാണ്
ഇതിൽ ഉൾപെടുത്തിയിട്ടുള്ളത്.
അധ്യാപകരുടെ വൈവിദ്യമാർന്ന
പരിശീലനങ്ങളിലൂടെ ഞങ്ങൾക്ക്  നല്ല രീതിയിൽ
മാഗസിൻ തയ്യാറാക്കാൻ സാധിച്ചു.
ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികളുടെ
ആദ്യ സംരഭമാണ് ഈ മാഗസിൻ.
ഞങ്ങൾ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

## ഉള്ളടക്കം

കവിത....7
അക്ഷരം അക്ഷയം....7
കവിത....8
ദൈവം....8
കവിത....9
അമ്മ പറഞ്ഞത്....9
കവിത....10
അച്ഛൻ....10
ലേഖനം....11
ആധുനിക സാങ്കേതിക വിദ്യ....11
കവിത....13
തിരിച്ചറിവ്....13
എന്റെ വിദ്യാലയം....13
കഥ....14
ഖൽബാണെനിക്കെന്റെയുമ്മ....14
കവിത....16
മരണപത്രം....16
കവിത....17
والِدِاتِي....17
ലേഖനം....18
മതേതരത്വം....18
കവിത....19
Beauty Of Nature....19
കവിത....20
രൗദ്ര നടനം....20
കഥ....21
വേർപാടിന്റെ വേദന....21
കഥ....22
സ്നേഹം... അത് പിടിച്ച് വാങ്ങാനുള്ളതല്ല....22
കവിത....24
കാത്തിരിപ്പൂ ഞാനും....24
കഥ....25
رَغْبَة الْأم....25
കഥ....26
സ്നേഹം....26

കവിത....................28
രക്തത്തിന്റെ മണം....................28
കൂട്ടുകാരി....................28
കഥ....................29
صَدِيقَةٌ حَسَنَةٌ....................29
കവിത....................30
फिर भी हमनें कुछ नही किया |....................30
കഥ....................32
പുതിയ തലമുറ...!!....................32
കവിത....................34
ഗുളിക വിപ്ലവം....................34
വരകൾ - വർണ്ണങ്ങൾ....................35
നന്ദിയോടെ....................39



## Editorial Board



| | |
|---|---|
| ***Chief editor*** | ***Nazra fathima*** |
| ***Editors*** | ***Irfan***<br>***Mufeed***<br>***Zahid***<br>***Hana rafeeq***<br>***Arathi***<br>***Ansheeda*** |
| ***Typing*** | ***Nazra fathima***<br>***Hana rafeeq***<br>***Arathi***<br>***Ansheeda*** |
| ***Layout*** | ***Irfan***<br>***Zahid*** |
| ***Cover design*** | ***Neshwan*** |



Little KITEs

GOVERNMENT OF KERALA
DEPARTMENT OF GENERAL EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]

Certificate of Registration

REGISTRATION No. LK/2018/11021

*This is to certify and grant approval to*

11021 - T. I. H. S. S. Naimarmoola, Kasaragod (DEO)

*of* Kasaragod *District as a unit of* LITTLE KITEs.

15.05.2018

Office Seal

ANVAR SADATH. K
Vice Chairman & Executive Director



# Liitle KITEs 2018 - 2019

## കവിത

# അക്ഷരം അക്ഷയം

ശ്രീകുമാർ കോറോം.ടി.ഐ.എച്ച്.എസ്.എസ്.നായൻമാർമൂല

എന്നോതുടങ്ങീയൊരീ യാത്രയിൽ
എത്രയുഗങ്ങളെ പിന്നിട്ടുനാം.....
പരിണാമചക്രം തിരിഞ്ഞിടുന്നു.
പരിവർത്തനങ്ങളീ പാരിലെങ്ങും.....
അറിയാത്ത ജീവിതത്താരങ്ങളെത്രയോ
മിഴിചിമ്മി നന്മതൻ തിരിതെളിയിച്ചു
ആ മഹത്കർമ്മങ്ങളീ ജഗത്തിൽ
നന്മതൻ നാളങ്ങളായ് ജ്വലിപ്പൂ
അഗ്നിയെ കൈയ്യിലൊതുക്കിയ മാനവൻ
ജീവിത യാത്രയ്ക്കൊരർത്ഥം കുറിച്ചു
അക്ഷര കൂട്ടങ്ങളുച്ചരിച്ചൂ.....
അറിവിന്റെ നാളങ്ങളുൽഭവിച്ചു.....
എതൊരു ചിത്തത്തിലങ്കുരിച്ചു
എതൊരു ജിഹ്വയിതുച്ചരിച്ചു
എത്ര മഹത്വമീയക്ഷരങ്ങൾ......
എങ്ങിനെ വാഴ്ത്തണമാച്ചരിതം
അക്ഷയമാണിയക്ഷരങ്ങൾ
അജ്ഞാതമല്ലയിക്ഷിതിയിലൊന്നും
അറിവിന്നായുയരങ്ങൾ താണ്ടിടും മർത്ത്യന്
അന്യമല്ലാകാശ ഗോളങ്ങളും.....
പലരും പകർന്നൊരീയക്ഷരങ്ങൾ....
നന്മതൻ ദീപം കൊളുത്തി നമ്മിൽ
പകരം നമുക്കുമീയക്ഷരങ്ങൾ
നിറയട്ടെ നന്മകൾ പാരിനെന്നും.



## കവിത

# ദൈവം

കെ.ടി.എൻ. രാധാകൃഷ്ണൻ.  -  ടി.ഐ.എച്ച്.എസ്സ്.എസ്സ്

**അ**വനവനെ വിശ്വാസമില്ലാത്തവൻ
ദൈവത്തിനപരനാമങ്ങൾ ജപിച്ചിടുന്നു.
അവനവനെ കാണുവാൻ കഴിയാത്തവൻ
ദൈവത്തെ കാണാൻ ശ്രമിച്ചിടുന്നു.
അപരന്റെ കണ്ണുനീർ തുടച്ചു നീക്കിടാതെ,
അനുഗ്രഹം തേടി അലയുന്ന മർത്ത്യാ-
ജീർണ്ണതയിലല്ല ദൈവം മനസ്സിന്റെ-
പൂർണ്ണതയിലാണ് ദൈവം

നിറമുള്ള സ്വപ്നങ്ങളൊന്നു കാണാത്തവൻ,
തെരുവിന്റെ നിലവിളിയൊന്നു കേൾക്കാത്തവൻ,
തിരയുന്നതെങ്ങനെ ദൈവകോലങ്ങളെ
അറിയുന്നതെങ്ങനെ ദൈവവചനങ്ങളെ

ഉരിയരിക്കഞ്ഞിക്കായ് കേഴുന്ന കുഞ്ഞിന്റെ
കുടിലിലിലാണിന്നു ദൈവം
നിറയും മിഴികളാൽ കൈനീട്ടുന്ന ജീവിത
തെരുവിലാണിന്നു ദൈവം
ഒരു നേരമന്നത്തിനന്യനെ തേടുന്ന
ഒരു നാരിയിലാണിന്നു ദൈവം
ഹൃദയത്തിനുള്ളിൽ വിളയുന്ന നന്മയുടെ
നിലവിളക്കാണു ദൈവം

പൂക്കളിൽ പോലും വ്രണങ്ങളുണ്ടാകുന്ന
മഹാപോക്കിരികളായ മർത്ത്യാ
ജീർണ്ണതയിലല്ല ദൈവം മനസ്സിന്റെ-
പൂർണ്ണതയിലാണ് ദൈവം
നമ്മളിൽ നന്മയുണ്ടെങ്കിൽ എന്നും
നമ്മെ നമിക്കുമീ ലോകം
നമ്മളിൽ ധർമ്മം നിറഞ്ഞുനിൽക്കുമ്പോൾ
നമ്മെ വണങ്ങുമീലോകം.

## കവിത

# അമ്മ പറഞ്ഞത്

പി. നാരായണൻ



**ക**ണ്ടതും
കേട്ടതും
പണ്ട് പറഞ്ഞതും
കൊണ്ട് നടന്നതും
പണ്ടേ മറന്നവർ നമ്മൾ.
കടൽ
ആഴത്തിൽ നിന്നും
കരയോട്
ഒരു ചോദ്യം
കരയിൽ ഒരാരവമെന്ത്?
കടലാഴത്തിൽ നിന്നും
പറഞ്ഞിവിട്ട
കാറ്റാണതെന്ന്
കര പറഞ്ഞു.
തിരയെണ്ണി
കരയിരുന്നു.
തന്നിലേക്ക് വരുന്ന
തിരയെ
കര തള്ളിമാറ്റി
അത് കലഹമായി
നൂറായി പെരുകി
കരയെ
കടലെടുത്തു.
അക്കങ്ങൾ
അക്ഷരങ്ങളായി
പിന്നെ
ഒന്നായി.
കരയും
കടലും
ഒന്നാകുമെന്ന് പക്ഷേ
പണ്ടേഅമ്മ പറഞ്ഞിരുന്നു.

## കവിത

# അച്ഛൻ

സൗമ്യ ബാലൻ



ഇന്നലെകളിൽ നിന്നും
ഇന്നിലേക്കുള്ള ദൂരം
ഒരു നിദ്രയുടേതല്ല
പാതി മുറിഞ്ഞുപോയ
സ്വപ്നത്തിന്റേതുമല്ല......
ജീവന്റെ തുടിപ്പിനെ
തന്നോളമെത്തിച്ച,
വിരൽത്തുമ്പിലെ ബാല്യത്തെ
മനുഷ്യനാക്കിയ
ഒരു പിതൃത്വത്തിന്റെ
ജീവതാളത്തിൻ ദൈർഘ്യം.....
കൈ വിരലുകളിൽ
കണക്കുകൂട്ടലുകൾ വേണം
ശിഷ്ടനഷ്ടങ്ങളാൽ
സ്നേഹത്തെ പെരുക്കണം
അറുത്തിടരുത് വാക്കുകളെ
അളന്നിടരുതേ തൻ മക്കളേ...
ക്ഷമിച്ചീടുക നീ ആവോളം
മുറിച്ചിടുക നീ അരുതാത്തതിനെ!
മരണം നിനക്കു മാത്രം
പറഞ്ഞ കഥകളിൽപാഠമുണ്ട്
ചിരികൾക്ക് അർത്ഥമുണ്ട്
തെളിച്ചവെളിച്ചത്തിന് അഴകുണ്ട്
കാട്ടിയ വഴികൾക്ക് സത്യമുണ്ട്
ജീവനുണ്ട്........
ആ കൈവിരൽത്തുമ്പിൽ
പിടിക്കണം.....
ഇനിയുമൊരുപാടു
ദൂരം നടക്കണം .......
വീണ്ടുമൊരു ജന്മം തരൂ......
ഞാൻ
ഇനിയൊരു മകളായി പിറക്കാം ........

**ലേഖനം**

# ആധുനിക സാങ്കേതിക വിദ്യ

# വിദ്യാർത്ഥികളെ മുന്നോട്ട് നയിക്കുമോ ... അതോ........

കദീജത്ത് സിറാജ -

**ആ**ധുനിക സാങ്കേതിക വിദ്യ ഒരുപാട് വളർന്ന കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഈ ആധുനിക സാങ്കേതിക വിദ്യ വിദ്യാർത്ഥികളെ മുന്നോട്ട് നയിക്കുമോ അതോ അവരുടെ സ്വഭാവത്തിൽ ദുഷ്ചിന്തകൾ കുത്തി വെക്കുമോ?വിവേകമുള്ള എല്ലാ ആളുകളും ഇങ്ങനെയാണ് ചിന്തിക്കുക. അപ്പോൾ നാം മനസ്സിലാക്കേണ്ടത് ഇത് മനുഷ്യനെ ചീത്തയാക്കി എന്ന തീർത്ത് പറയാൻ പറ്റില്ല. മനുഷ്യൻ അതിൽ ലയിച്ച് പോയത് കൊണ്ടാണ്അത് മൂലം പ്രശ്നങ്ങളുണ്ടാകുന്നത്.

വാട്സ് ആപ്, ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, ട്വിറ്റർ മുതലായവ സമൂഹ മാധ്യമങ്ങളെന്ന പേരിൽ ആളുകളെ ഉള്ളറിഞ്ഞ വീഴ്ത്തുന്നു. ഒരുപാട് ആളുകൾ ഇതിൽ പെട്ട് വഴിതെറ്റിയിട്ടുണ്ട്. അതുപോലെത്തന്നെ ഇതിലൂടെ അറിവും പരസ്പരം കൈമാറുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യ എന്ന് പറയുമ്പോൾ ഒരു നാണയത്തിന്റെ രണ്ടു വശങ്ങളെ പോലെ അതിനും രണ്ടു വശങ്ങൾ ഉണ്ട്. നല്ലതും ചീത്തയും. ഇന്ന് ക്ലാസുകൾ നിയന്ത്രിക്കാൻ ടീച്ചർമാർക്ക് പകരം ഐ സി ടി യുണ്ട്. കുട്ടികൾക്ക് കഷ്ടപ്പെടാനില്ല. എന്തിന്, ചിന്തിക്കുക പോലും ചെയ്യുന്നില്ല. ഇന്റർനെറ്റ് ആണ് എല്ലാം. കണ്ടുപിടിക്കാൻ എന്തേലും ടീച്ചർമാർ തന്നാൽ ടൈപ് ചെയ്ത് ഒരു ക്ലിക്ക്...ലോകം തന്നെ നമ്മുടെ മുന്നിൽ ആകും.ഹൊ! പണ്ടത്തെ ആളുകൾ പറയുന്നത് ഞങ്ങൾ കഷ്ട്ടപ്പെട്ടതിന്റെ ഏഴിലൊന്നു പോലും ഇവർ കഷ്ടപ്പെട്ടിട്ടില്ലെന്നാണ്. പിന്നെ ഇന്റർനെറ്റിലൂടെ കോലാഹലങ്ങൾ കാണിച്ച് കൂട്ടുന്നു. എന്നിട്ട് ഒരു പറച്ചിലും, ഞങ്ങൾ ന്യൂ ജനറേഷൻ അല്ലേന്ന്. ഈ ന്യൂ ജനറേഷൻ എന്നത് എന്തും ചെയ്യാനുള്ള ലൈസൻസാണോ?പിന്നെ ഒരു കൂട്ടം വിദ്യാർഥികൾ ഇന്റർനെറ്റ് പഠനത്തിന്റെ പുരോഗതിക്കായി ഉപയോഗിക്കുന്നു. യൂട്യൂബിൽ നളന്ദ എന്ന പഠന ക്ലാസ്, ബൈജ്യൂസ് ദ ലേണിങ് ആപ് മുതലായവ അവരെ സഹായിക്കുന്നു. അങ്ങനെ പഠിച്ച് മുൻപന്തിയിൽ എത്തിയവരുണ്ട്. എന്നാൽ മറുവശത്ത് കഞ്ചാവിനും ലഹരിക്കും ഇന്റർനെറ്റിലൂടെ ഇരയായി




കുടുംബത്തിനെന്നെന്നും കണ്ണീര് സമ്മാനിച്ചവരുമുണ്ട്. നമ്മുടെ ഈ ലോകത്ത് ഇത് അധികവും വിദ്യാർഥികളിലാണ് കാണപ്പെടുന്നത്. അതുപോലെത്തന്നെ നമ്മൾ 'ബ്ലൂ വെയിൽ' എന്ന ഗെയിമിനെപ്പറ്റി വായിച്ചിട്ട് അത്ര നാളൊന്നുമായില്ല. എത്ര കൗമാരക്കാരും കുട്ടികളുമാണ് ആത്മഹത്യ ചെയ്തത്. ഇതും ഇന്റർനെറ്റിന്റെ ദൂഷണം തന്നെയല്ലേ.

പണ്ടൊക്കെ കമ്പ്യൂട്ടർ നൂറിലൊരു വീട്ടിൽ ഉണ്ടായാലായി. ഇന്നോ....കമ്പ്യൂട്ടർ, ടാബ്, പിന്നെ മടിയിൽ വെച്ച് നോക്കാൻ ലാപ്ടോപ്പും. പിള്ളേർക്ക് സന്തോഷമായി. എന്നാലിന്ന് കുട്ടികൾ ജനിച്ചു വീഴുമ്പോൾ തന്നെ കാണുന്നത് മൊബൈലാണ്. സ്മാർട്ട് ഫോണും ഇന്റർനെറ്റുമുണ്ടെങ്കിൽ ഒരു വിരൽത്തുമ്പത്ത് ഒതുങ്ങും. ഇന്ന് വിദ്യാർഥികൾ ഇങ്ങനെ ഹാരങ്ങളിലായി നടന്നാൽ ഭാവി ശോഭനം എന്ന സ്വപ്നം കത്തിക്കരിഞ്ഞുവെന്ന് സാരം.

സ്വപ്നങ്ങൾ എത്ര വേണമെങ്കിലുംകാണാം . സാക്ഷാത്കരിക്കാനുള്ള മാർഗം സത്യസന്ധമായിരിക്കണം. പിന്നെ ആ സ്ഥാനത്ത് എത്തിയിട്ട് താൻ ദൈവം ആണെന്ന് കരുതരുത്. ഒരു പിടി മണ്ണ് മനസ്സിൽ വേണം. വന്ന വഴി മറക്കരുതെന്ന് സാരം. അഹങ്കരിച്ചാൽ ഒരു രാവിന്റെ ദൈർഘ്യത്തിൽ എല്ലാം ഇല്ലാതാകും.

ഇന്ന് ശാസ്ത്രം അങ്ങേയറ്റം വളർന്നിട്ടുണ്ട്. മനുഷ്യനെ പോലെ പെരുമാറാൻ പറ്റുന്ന റോബോട്ട് വരെ ഉണ്ടാക്കി. സോഫിയ എന്ന റോബോട്ടിന് പൗരത്വം നൽകിയ ആദ്യ രാജ്യം സൗദി അറേബ്യയാണ്. അത് പോലെത്തന്നെ ഓരോ മേഖലകളിലും ശാസ്ത്രം മുൻപന്തിയിലാണ്.

ഇന്റർനെറ്റ് എന്ന ചതിക്കുഴിയിൽ അധികവും വീഴുന്നത് പെൺകുട്ടികളാണ്. അവരുടെ ആത്മാഭിമാനം തന്നെ നഷ്ടപ്പെട്ടു പോകുന്നു. പെൺകുട്ടികളെ പൂർണമായി വീടുകളിൽ



തളച്ചിടാൻ കഴിയില്ല. എന്നാൽ, പൂർണമായി അഴിച്ചുവിടാനും പറ്റില്ല. പിന്നെയുള്ള ഖേദം എന്തിന് കൊള്ളും? ഇപ്പോൾ അധിക പിള്ളേരും വഴിതെറ്റിപ്പോകുന്നത് ഇന്റർനെറ്റ് അവർക്കൊരു ഹരമായത് കൊണ്ടാണ്. എന്നാൽ അതിലൂടെ നിത്യേന പത്രങ്ങളില്ലാതെ വർത്തകളറിയാനും കഴിയും. ചോരത്തിളപ്പിള്ള കലാശാല ജീവിതത്തിലെത്തുമ്പോഴേക്കും ഒഴിവു സമയങ്ങളിൽ മുക്കാൽ ഭാഗവും ഫോണിലാണ് ചിലവഴിക്കുക. പിന്നെ മോർഫ് ചെയ്ത് ഒരാളുടെ മുഖത്ത് വേറൊരാളുടെ മുഖം ഒട്ടിച്ചും ആളുകളെ കുടുക്കുന്നു.

ഇന്റർനെറ്റ് ദുരിതവും ഗുണവും നിറഞ്ഞതാണ്. ആധുനിക സാങ്കേതിക വിദ്യ മനുഷ്യരുടെ ജീവിതത്തിൽ എത്രത്തോളം പ്രാധാന്യമുണ്ടെന്ന് നമുക്ക് വ്യക്തമാണ്.

**കായിക ദിനം**



## കവിത




# തിരിച്ചറിവ്

റോബി ജോൺസൺ .ടി.ഐ.എച്ച്.എസ്.എസ്

ഏകനായ് അന്യനായ്
ഈ മണ്ണിൽ നിൽക്കവേ
ഞാൻ എന്നോട് ചോദിച്ചു
എവിടെയാണ് എവിടെയാണ്
എന്റെ പുണ്യ ഭൂമി
ഞാൻ തേടുന്ന സ്വപ്ന ഭൂമി
ആത്മ സംഘർഷങ്ങൾ ഉറക്കം കെടുത്തി
ആത്മാവിലെ തീമഴ പെയ്തൊഴിയവേ
ഞാൻ കണ്ടു സ്വച്ഛ ഭൂമി
അതാണെന്റെയീ കർമ്മഭൂമി...

# എന്റെ വിദ്യാലയം

എൻ.എം അബ്ദുൽ ബഷീർ – ടി.ഐ.എച്ച്.എസ്.എസ്



നായന്മാർമൂലയ്ക്കഭിമാനമായി
വിളങ്ങിടും വിദ്യാലയങ്ങളെത്ര
വീശുന്ന കാറ്റും വിതച്ചിടുന്ന
വിദ്യതൻ വിത്തുകളീ നാട്ടിൽ
എത്തുന്ന നിത്യവും വിദ്യാർത്ഥികൾ
അറിവിൻ അമൃതം നുകർന്നിടുവാൻ
ശ്രേഷ്ഠരായുള്ള ഗുരുജനത്താൽ
ധന്യമാണെന്നുമി പുണ്യഭൂമി
നായന്മാർമൂലക്കഭിമാനമാം...
എന്നെ ഞാനാക്കിയ വിദ്യാലയം
എഴരപ്പതിറ്റാണ്ടു പിന്നിടുമ്പോൾ
ഏറെയുണ്ടഭിമാനമെനിക്ക്
നേരുന്നൊരായിരം ഭാവുകൾ

**കഥ**

# ഖൽബാണെനിക്കെന്റെയുമ്മ

ഫാത്തിമത്ത് സഹല  10 എം

**ചി**ല പ്രത്യേക നിമിഷത്തിലോ ചില പ്രത്യേക സാഹചര്യത്തിലോ ഒരാളോട് തോന്നുന്ന സ്നേഹമല്ല ഉമ്മയോട് മക്കൾക്കുള്ള സ്നേഹം. അത് ജനനം മുതൽ മരണം വരെ നിലനിൽക്കേണ്ടതുമാണ്. എന്നെന്നും നിലനിൽക്കുന്ന സ്നേഹം. ആ സ്നേഹബന്ധം മുറിക്കാൻ ജീവിതത്തിൽ പല ആളുകളും പല പല നിമിഷങ്ങളും വന്നുചേർന്നേക്കാം. പക്ഷെ അതിൽ നിന്നൊക്കെ മാറി നിൽക്കുകയാണ് ചെയ്യേണ്ടത്. ഇത് പോലുള്ള നല്ല നിമിഷങ്ങളെ ആഡംബരമാക്കി ഒരു കൊച്ചു വീട്ടിൽ കഴിയുകയായിരുന്നു മകൾ ഫാത്തിമയും അവളുടെ ഉമ്മയും. ഉപ്പയുടെ പെട്ടെന്നുള്ള മരണത്തിനു ശേഷം ഒറ്റപ്പെട്ട് ജീവിക്കുന്നവരാണ് ഫാത്തിമയും ഉമ്മയും. ജീവിതത്തിൽ ധാരാളം കഷ്ടപ്പാടും വേദനകളും സഹിച്ചവളാണ് ഫാത്തിമയുടെ ഉമ്മ. അവർക്ക് താങ്ങും തണലുമായി പിടിച്ചു നില്ക്കാൻ ഒരൊറ്റ മകളേയുള്ളൂ. ചെറിയ പ്രായത്തിൽ തന്നെ ഫാത്തിമയുടെ ഉപ്പ മരണപ്പെട്ടത് കൊണ്ട് ഉപ്പയുടെ സ്നേഹം എന്തെന്ന് പോലും അവൾക്ക് തിരിച്ചറിയാനും ആസ്വദിക്കാനും കഴിഞ്ഞിരുന്നില്ല. ചെറുപ്രായത്തിൽ തന്നെ ഉമ്മയുടെ തണലിലാണ് അവൾ. ഉമ്മയുടെ അമിതമായ സ്നേഹവും ലാളനയും കൊണ്ട് അവൾക്ക് ഉപ്പയുടെ സ്നേഹത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. ഇപ്പോൾ അവൾ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്. ഉമ്മ ജോലിക്ക് പോയാണ് ചെലവും മറ്റും സ്കൂൾ ഫീസും കൊടുക്കുന്നത്. ഫാത്തിമയുടെ പഠനത്തിൽ ഒരു വിട്ടു വീഴ്ചയും ഇല്ല എന്നാണ് ഉമ്മയുടെ തീരുമാനം. അവളെ പഠിപ്പിച്ച് നല്ല നിലയിലാക്കുക. അവൾ പഠിക്കാൻ നല്ല മിടുക്കിയായിരുന്നു. ഉമ്മയെ ധാരാളം സ്നേഹിക്കുന്നവളായിരുന്നു അവൾ. ഉമ്മയില്ലാത്ത ഒരു നിമിഷം പോലും അവൾക്ക് ചിന്തിക്കാൻ പറ്റുന്നതായിരുന്നില്ല. ഇത് പോലെ തന്നെയാണ് ഉമ്മയ്ക്ക് മകളോടും. സ്കൂളിലേക്ക് അയക്കുന്നതും മുടി ചീകികൊടുക്കുന്നതും ഭക്ഷണം വാരിക്കൊടുക്കുന്നതും





എല്ലാം ഇപ്പോഴും ഉമ്മയാണ് ചെയ്യുന്നത്. അവളുടെ ദേഹത്ത് ഒരു മുറിവ് വന്നാൽ പോലും ഓടിച്ചെന്ന മരുന്ന് വെച്ച് പൊട്ടിക്കരയുമായിരുന്ന ഉമ്മ. അവൾ ഉമ്മയോട് പറയാതെ പുറത്തൊന്നും പോവാറില്ല.

പെട്ടെന്നൊരു ദിവസം കൂട്ടുകാരികൾ അവളെ ഒരു സ്ഥലം വരെ പോവാൻ വിളിച്ചു. അവൾ പറഞ്ഞു, ഞാൻ വരുന്നില്ല എന്നെ ഉമ്മ വഴക്ക് പറയും എന്ന്. കൂട്ടുകാരുടെ നിർബന്ധപ്രകാരം അങ്ങനെ അവൾ അവരുടെ കൂടെ പോകാൻ തയ്യാറായി. അങ്ങനെ അവർ ചെന്നെത്തിപ്പെട്ടത് ആൾ താമസമില്ലാത്ത ഒരു സ്ഥലത്തായിരുന്നു. അവർ അവളെ മനപ്പൂർവം കുടുക്കാൻ വേണ്ടിയാണ് അവിടേക്ക് കൊണ്ട് വന്നത്. അവൾ പേടിച്ച് വിറക്കാൻ തുടങ്ങി. അവൾ പറഞ്ഞു, എന്നെ ഉമ്മ അന്വേഷിക്കുന്നുണ്ടാകും ഞാൻ പോകുന്ന എന്ന്. അപ്പോൾ അവർ അവളെ കളിയാക്കാൻ തുടങ്ങി. എന്നിട്ട് അവളെക്കൊണ്ട് അവർ കോള ആണെന്ന് പറഞ്ഞ് മദ്യം കഴിപ്പിച്ചു. അവൾ കുടിക്കാനേ ഒത്തില്ല. അവർ എല്ലാവരും ചേർന്ന് അവളെക്കൊണ്ട് അത് കുടിപ്പിച്ചു. എന്നിട്ട് കുറച്ച് കഴിഞ്ഞപ്പോൾ അവൾ ബോധരഹിതയായി. മദ്യത്തിന്റെ ലഹരിയിൽ അവൾ അബോധാവസ്ഥയിലായി മാറി.

അപ്പോഴേക്കും ആരുടെയോ പരാതിയിൽ അവരെ അന്വേഷിച്ച് പോലീസ് അവിടെയെത്തി. മകളുടെ അവസ്ഥ കണ്ട് പൊട്ടിക്കരഞ്ഞു ഫാത്തിമയുടെ ഉമ്മ. അവൾ ഒന്നും മിണ്ടാതെ അവിടെത്തന്നെ നിന്നു. മദ്യലഹരിയിൽ അവൾ വായിൽ തോന്നുന്നതൊക്കെ ഉമ്മയെ വിളിച്ച് പറഞ്ഞു. അത് താങ്ങാനാവാതെ ഉമ്മ ബോധംകെട്ട് വീണു. എന്നിട്ട് അൽപ സമയത്തിനുള്ളിൽ ഹാർട്ട് അറ്റാക്കായി ഉമ്മ മരിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞ ഫാത്തിമ ഒരു ഭ്രാന്തിയെപ്പോലെയായി മാറി. കരയാനും സങ്കടം പറയാനും ആരുമില്ലാതെ ഒരു നിമിഷം ജീവിതത്തിൽ ഒറ്റപ്പെട്ടു പോയി.

ഓർത്തുപോയ് ഞാനെന്റെ ഉമ്മയെ.....

ജീവനാണെനിക്കെന്റെ ഉമ്മ ....

കവിത

# മരണപത്രം

ശ്രീലത എ  - ടി.ഐ.എച്ച്.എസ്.എസ്



മരണമെത്തുന്നതിനുമുമ്പായെനിക്കെന്റെ
മരണപത്രമൊന്നെഴുതി വച്ചീടണം

മരണമെത്തിക്കഴിഞ്ഞാലുടൻ തന്നെ
മൃത ശരീരം ദാനമായ് നൽകണം

അരുമയോടെ ഞാൻ പെറ്റുവളർത്തിയോ-
രെന്നരുമക്കിടാങ്ങളെന്നെയവിടെയെത്തിക്കണം

പഠനമുറിയിലെ വലിയ മേശമേൽ
പഠനവസ്തുവായ് വെറുതെ കിടക്കണം

ചിതയൊരുക്കേണ്ട,ബലിയൊരുക്കേണ്ട
പഴയ ശീലങ്ങളൊന്നുമേ ചെയ്യേണ്ട

തൊലിയെടുത്തവരതിൽ അനാട്ടമി പഠിക്കട്ടെ
പുതിയതെന്തെങ്കിലുമതിലവർ നേടട്ടെ

കണ്ണുകൾ രണ്ടുമെടുത്തു പഠിക്കുമ്പോൾ
കണ്ണുനീരൊഴുക്കിയയിവളെയറിയുമോ?

ചന്തമില്ലാത്തയെൻ തലച്ചോറെടുക്കുമ്പോൾ
ചിന്തയിൽ ഞാൻ കണ്ട സ്വാതന്ത്ര്യമറിയുമോ?

ജീവിതമൊരവസരം ഒരേയൊരവസരം
ചിന്തകൾകൊണ്ടു ഞാനെന്റെ പന്തുകളിക്കട്ടെ

മരണമെത്തുവാനായീതായെന്റെ
മരണപത്രം ഞാനെഴുതിവച്ചീടുന്നു.

## കവിത

# والِداتِي

خَدِيجَة زُبَيْدَة. يم



والِداتي فِكْرَتِي    والِداتِي اَحِبَّتِي
والِداتي جَنَّتِي    والِداتِي خِدْمَتِي
والِداتي عَيْشَتِي    والِداتِي رَحْمَتِي
والِداتي بَرَكَتِي    والِداتِي شُكْرَتِي
كَمْ مِنْ شُهُورٍ تَتْعَبُ    كَمْ مِنْ أَيَّامٍ تَسْهَرُ
كَمْ مِنْ أَبْنَاءٍ تُرَبِّي    بِمَحَبَّةٍ وَ رَحْمَةٍ
يَا ربِّ بَارِكْهُمْ لَنَا    يَا ربِّ سَلِّمْ لَنَا
نَجْمع الدَّارِيْنِ لَنَا    نَحْفَظ اللهِ الْكَرِيم
نَرْفَعُ الله يَدَيْنَا    بَرَكَاتٍ بِالدُّعَاء
نَحْفَظ الله الْعَظِيم    نَحْمَدُ الله الرَّحِيم

## ലേഖനം

# മതേതരത്വം

നസ്റ ഫാത്തിമ – 9 E

ഇലക്ഷൻ പ്രചാരണം ശക്തിയായി നടക്കുന്ന സമയം. നേതാവ് കവലയിൽ പ്രസംഗിക്കുകയായിരുന്നു. അതുവഴി പോകുന്ന അമ്പലത്തിലെ പൂജാരിയുടെ അടുത്തു ചെന്ന് കയ്യിലുള്ള ഭസ്മം നെറ്റിയിൽ തൊടീച്ച് നേതാവ് വിളിച്ച് പറഞ്ഞു മതേതരത്വത്തിന് ഒരു വോട്ട് .

പള്ളിയിൽ നിന്ന് വരുന്ന മുസ്ലിയാരെ കൈപിടിച്ച് അയാളുടെ തലയിൽ നിന്ന് തൊപ്പി എടുത്ത് സ്വന്തം തലയിൽ വെച്ച് അദ്ദേഹം വീണ്ടും പറഞ്ഞു
മതേതരത്വത്തിന് ഒരു വോട്ട് .

ജനങ്ങൾ വോട്ട് ചെയ്തു.നേതാവ് ജയിച്ചു , മന്ത്രി ആയി . അയാൾ പറഞ്ഞു മതം ഭ്രാന്താണ് , മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ് .
ഇത് കേട്ട ജനങ്ങൾ പറഞ്ഞു വോട്ട് ചെയ്ത നമ്മൾക്കാണ് ഭ്രാന്ത് .

---

## സ്കൂൾ പ്രവേശനോത്സവം





# കവിത

## Beauty Of Nature

രുഖിയത്ത് ജവാഹിർ - 10 E

*The sky  blue at dawn*
*Earth green with thickets*
*Streams flow as fast as light*
*The sun glows so bright .*



*Trees on the banks dance in the breeze*
*Breeze so fresh and cool*
*Birds wander slow and high*
*Grazing at nature's wonder .*

*Bundle of clouds move around the sky*
*Flowers blooming all around*
*Animals howl with joy*
*So rhythmic with the flowing stream .*

*The beauty of the nature*
*Should remain bright in future*
*Let's stand united*
*And make the future bright .*

-

## കവിത

# രൗദ്ര നടനം

സൗമ്യ ബാലൻ – ടി.ഐ.എച്ച്.എസ്.എസ്

പ്രളയമെന്നാൽ എന്താണെന്നറിയുമോ കുഞ്ഞേ.........



എന്താണമ്മേ അതു " പ്രണയമോ....????? "
ഇത് വെറും പ്രണയമല്ലുണ്ണീ
പ്രകൃതിക്ക് മണ്ണിനോടുള്ള
ക്രൂര പ്രണയം......
ഒടുങ്ങാത്ത കിരാത കാമം....

ദാഹമങ്ങടങ്ങുന്നില്ലുണ്ണീ.....മണ്ണിന്റെ
നീരെല്ലാം മനുഷ്യനെടുത്തതല്ലേ.....
ആറിനെ ആറ്റിയും ഊറ്റിയും.
പൊക്കിയ "വികസന സൗധങ്ങൾ"
ഒന്നൊന്നായിയെടുത്തില്ലേ ആറു തന്നെ.

ദാഹമകറ്റി..... വിശപ്പകറ്റിയേവം
കലിതുള്ളി കാലം തിരിച്ചെടുത്തു
പൊഴിഞ്ഞുപോയോരോർമതൻ
ചുവലിൽ മറന്നതല്ലേ മനുഷ്യാ .......
നീയാ "രൗദ്ര നടനം"



ഉണർന്നിരിക്കു നാളേയ്ക്കു വേണ്ടി നീ
ഇനിയും വിപത്തുകൾ മുന്നിലുണ്ട് .....
കാലത്തിനു മുന്നേ നടന്ന നീയിന്ന്
വികൃതികൾക്കു മുന്നിൽ പകച്ചു പോകയോ

കാറ്റ് കൊടുങ്കാറ്റായതിനും
മാരി പേമാരിയായതിനും
ഓളങ്ങൾ തിരമാലയായതിനും
കണ്ണീരെപ്പോഴോ പുഴയായ് ഒഴുകിയതിനും

ഹേ മനുഷ്യാ ...... നീ തന്നെ ഹേതു !

നെറുകയിൽ മുത്തമിടുന്ന മഴത്തുള്ളികൾ
കൺചിമ്മിക്കൊടുത്തുണ്ണിയൊരു പുഞ്ചിരി

ഭാവമില്ല മാരിക്കു തെല്ലും ശമിക്കുവാൻ
നിലവിളികളും തേങ്ങലുകളും മാത്രമല്ലോ
മതിയെന്നു ചൊല്ലി വിതമ്പിയോരുണ്ണിക്കു
കൂട്ടായി കരഞ്ഞു പ്രകൃതി പിന്നേയും......

**കഥ**

# വേർപാടിന്റെ വേദന

ആയിഷത്ത് അൻഷീദ സി വി 9 G

**അ**നസും ആമിനയും ഉപ്പയും ഉമ്മയും ജീവിച്ചിരുന്ന ഒരു കൊച്ചു വീട്.സന്തോഷവും സമാധാനവും ഐക്യവുംഅവർക്കിടയിലുണ്ടായിരുന്നു. അനസ് നാലാം ക്ലാസിലും ആമിന ആറാം ക്ലാസിലുമായിരുന്നു. ഉപ്പ കാദർകച്ചവടക്കാരനായിരുന്നു.ഉപ്പയുടെ കയ്യിൽ നിന്നും ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്
ഉമ്മൂമ്മയുടെ മരുന്നിന്റെ ചിലവും വീട്ടു ചിലവും മക്കളുടെ പഠന ചിലവും എല്ലാം കൊണ്ടും കാദർ അവശനായിരുന്നു.ഭാര്യ ജമീല അവൾ പാവമാണ്.ദാരിദ്ര്യം അവർക്കിടയിൽ മറയിട്ട ു.ഒടുവിൽ കടയും പൂട്ടേണ്ടി വന്നു.കാദർ വീട്ടിൽ കൃഷിയും ചെയ്ത് നാളുകൾ കഴിഞ്ഞുകൂടി.പെട്ടന്ന് ഒരു ദിവസം കാദറിന്റെ കാലുകൾ തളർന്നുപോയി.ആ തളർച്ച കുടുംബത്തിന്റെ സ്വസ്ഥത തന്നെ ഇല്ലാതാക്കി.ഡോക്ടറെ കാണിച്ചു മരുന്ന് കഴിച്ചെങ്കിലും ഒരു മാറ്റവും ഉണ്ടായില്ല.കാദറിന്റെ കാലുകൾ തളർന്നുകൊണ്ടേയിരുന്നു.



തളർച്ച കാലുകളിൽ നിന്ന് ശരീരം മുഴുവൻ ബാധിച്ചു.കാദറിന്റെ ഉപ്പയും ഇതേ രോഗം മൂലമാണ് മരിച്ചത്.പിതാവിന്റെ രോഗശമനത്തിന് വേണ്ടി ആ കുടുംബം പ്രാർത്ഥിച്ചു കൊണ്ടേയിരുന്നു.



ഒടുവിൽ കാദർ ദൈവത്തിന്റവിളിക്ക് ഉത്തരം നൽകി തിരിച്ചുപോയി.അതോടെ ആ കുടുംബം ആകെ തളർന്നുപോയി. മക്കൾ ഉപ്പയെ വിളിക്കുന്ന ശബ്ദങ്ങൾ ജമീലയെ തളർത്തിക്കൊണ്ടേയിരുന്നു.അവൾ ഒരു മാനസിക രോഗിയായിമാറി. ജീവിതത്തിന്റെ അടിത്തറയായിരുന്ന കാദർ. ഇരുട്ട് മൂടിയ പിന്നിട്ടുള്ള ജീവിതം വളരേ കൈപ്പേറിയതായിരുന്ന ു.ദുരിതപൂർവം അവർ കാലങ്ങൾ പിന്നിട്ടു.

* * * *

**കഥ**

# സ്നേഹം... അത് പിടിച്ചു വാങ്ങാനുള്ളതല്ല.

ഫാത്തിമത്ത് നൗഫിയ 10 B

**വൃ**ദ്ധസദനത്തിന്റെ പടിവാതിലിൽ നിന്ന് അവൻ ഓർമകൾ ചികഞ്ഞെടുത്തു. ആ നല്ല നാളുകൾ.. തന്റെ മാതാപിതാക്കളുമായി സന്തോഷത്തോടെ കഴിഞ്ഞ ഓരോ നിമിഷവും ഒരു നീറ്റലോടെ ഓർത്തെടുത്തു.

കല്യാണം കഴിഞ്ഞു ആദ്യമൊക്കെ തന്റെ ഭാര്യ വളരെ നല്ല നിലയിൽ തന്നെയായിരുന്നു. എല്ലാവരോടും. പിന്നീട് സാധാരണ എല്ലാ സ്ത്രീകളും കാണിക്കുന്ന പോലെ തനിനിറം പുറത്തെടുത്തു. തൊട്ടതിനും വെച്ചതിനുമൊക്കെ അച്ഛനെയും അമ്മയെയും വഴക്ക് പറയുമായിരുന്നു. ഈ സമയങ്ങളിൽ എനിക്ക് ഒന്നും പ്രതികരിക്കാൻ



കഴിഞ്ഞില്ല. ഒരിക്കൽ ഞങ്ങളെല്ലാവരും ഒന്നിച്ചു ഭക്ഷണം കഴിക്കുകയായിരുന്നു. പെട്ടെന്ന് അച്ഛന്റെ കയ്യിൽ നിന്നും അറിയാതെ ഗ്ലാസ് താഴെ വീണു. അതിന്റെ പേരിൽ അച്ഛന് അവളുടെ കയ്യിൽ നിന്നും ഒരുപാട് വഴക്ക് കിട്ടി. അന്ന് രാത്രി അവൾ എന്നോട് പറഞ്ഞു:"അതെ നിങ്ങളുടെ അച്ഛനും അമ്മയും വയസ്സായി. ഇനിയും എനിക്ക് ഇവരെ പരിചരിക്കാൻ വയ്യ. ഇവരെ ഏതെങ്കിലും വൃദ്ധസദനത്തിൽ കൊണ്ടാക്കിക്കൊള്ളൂ." ഇവൾ പറയുന്നതിലും കാര്യമുണ്ട് എന്ന് എനിക്ക് തോന്നി. പിറ്റേന്ന് രാവിലെ അച്ഛനോടും അമ്മയോടും ക്ഷേത്രത്തിലേക്ക് പോകാമെന്ന് പറഞ്ഞു വണ്ടിയിൽ കയറ്റി. പോകുന്നതിനിടയിൽ പലപ്രാവശ്യം അവർ ചോദിച്ചു ഏത് ക്ഷേത്രത്തിലേക്കാ പോവുന്നതെന്ന്. പക്ഷെ, ഞാൻ ഒന്നും മിണ്ടിയില്ല വൃദ്ധസദനത്തിന്റെ ഗേറ്റിനരികിൽ അവരെ ഇറക്കിയിട്ട് അവൻ പോയി. ഒന്നും പറയാനാവാതെ ആ വൃദ്ധമാതാപിതാക്കൾ തരിച്ചു നിന്ന് പോയി. മകന്റെ ഇത്രക്കും ക്രൂരമായ ചതി അവർക്ക് താങ്ങാൻ കഴിഞ്ഞില്ല. ഞാൻ തിരിച്ചു വീട്ടിലെത്തി. ഭാര്യ ചോദിച്ചു:"അവരെ അവിടെ ഇറക്കിയോ?" മ്മ് എന്ന മൂളലോടെ ഞാൻ അകത്തേക്ക് കയറി. പിന്നീട് ദാ ഇപ്പോൾ അതേ വൃദ്ധസദനത്തിന്റെ പടിവാതിലുകൽ നില്കുന്ന ആദ്യം കയറാൻ അവൻ മടിച്ചുവെങ്കിലും പിന്നീട് കയറി അവിടെ നിന്നും ഒരാൾ ചോദിച്ചു:"ആരാ..എന്ത് വേണം?" "എനിക്ക്....ഞാൻ..." അവൻ ഒന്ന് പതറി. "പറയൂ എന്താ വേണ്ടത്?" "എനിക്ക് എന്റെ അച്ഛനെയും അമ്മയെയും കാണണം." "ഓ...അതെയോ.. എന്താ നിങ്ങളുടെ പേര്?" "എന്റെ പേര് അരവിന്ദ്."

"അരവിന്ദ്... ഹാ,നിങ്ങളുടെ അച്ഛനും അമ്മയും എത്ര നല്ലവരായിരുന്നു. അവരെ ഇവിടെ കൊണ്ടുവിടേണ്ട കാര്യമുണ്ടായിരുന്നോ." "പ്ലീസ് എനിക്ക് അന്നൊരു അബദ്ധം പറ്റിയതാണ്. എനിക്ക് അവരെ കാണണം." "മിസ്റ്റർ അരവിന്ദ്,ക്ഷമിക്കണം. നിങ്ങളുടെ അച്ഛനും അമ്മയും കുറച്ച മാസം മുമ്പ് മരണപ്പെട്ടു.നിങ്ങൾ വന്നത് വൈകിപ്പോയി." അവൻ ഒന്ന് തരിച്ചുപോയി. അറിയാതെ അവന്റെ കണ്ണുകൾ നിറഞ്ഞു. "ഹാ...പിന്നെ ഒരു കാര്യം നിങ്ങൾക്ക് തരാൻ വേണ്ടി ഒരു കത്ത് തന്നിരുന്നു അവർക്ക് പ്രതീക്ഷയുണ്ടായിരുന്നു എന്നെങ്കിലും തന്റെ മകൻ തിരിച്ച് വരുമെന്ന്. പക്ഷെ...ദാ ഈ കത്ത് വാങ്ങിക്കൊള്ളൂ." അവൻ കത്ത് വാങ്ങി വായിച്ചു. അതിൽ ഇങ്ങനെ ആയിരുന്നു.



"മോനേ, ഞങ്ങൾ നിനക്ക് വേണ്ടി കാത്തിരിക്കുകയാണ്. എന്നെങ്കിലും മോന് വരുമെന്ന് അറിയാമായിരുന്നു ഞങ്ങൾക്ക്. ചിലപ്പോൾ അന്ന് ഈ ഭൂമിയിൽ ഞങ്ങളില്ലെങ്കിലോ എന്ന് വച്ചാണ് ഈ കത്ത് എഴുതുന്നത്. ഞങ്ങൾക്ക് മോനോട് ഒരു കാര്യമേ പറയാനുള്ളൂ. മോൻ ഒരിക്കലും നിന്റെ മക്കളെ അമിതമായി സ്നേഹം കൊടുത്ത് വളർത്തരുത്. അങ്ങനെയായാൽ ഞങ്ങളുടെ അവസ്ഥ മോനും വരും. അത് ചിലപ്പോൾ നിനക്ക് താങ്ങാൻ ആവില്ല. നീ ഇവിടെ ഞങ്ങളെ വിട്ടപ്പോൾ അതായിരുന്നു ഞങ്ങളുടെ പേടി. നിന്റെ സന്തോഷമല്ലേ ഞങ്ങൾക്ക് വലുത്..."

കത്ത് വായിച്ച അവൻ പൊട്ടിക്കരഞ്ഞു പോയി. അവർക്ക് വേണ്ടി പ്രാർത്ഥിക്കാം എന്നല്ലാതെ മറ്റൊന്നിനുംകഴിയില്ല എന്നവന്ന് മനസ്സിലായി.

ഒരു മക്കളും ഇങ്ങനെ ചെയ്യരുത്. നമ്മുടെ ചെറുപ്പത്തിൽ അവർ നമ്മളെ പരിപാലിച്ച പോലെ അവരുടെ വാർധക്യത്തിൽ അവരെ നമ്മൾ പരിപാലിക്കണം.





പ്രവർത്തി പരിചയ മേള



## കവിത

# കാത്തിരിപ്പൂ ഞാനും...

അഞ്ചലി പ്രസാദ് 9 L

കാത്തിരിപ്പൂ ഞാനും വേദനയോടെ
നുറുങ്ങുമോഹങ്ങളുമായ്...
കാത്തിരിപ്പിന്റെ ഏകാന്തതയിൽ
എപ്പോൾ എന്നമ്മ വരും...
എന്നുവരുമമ്മ എപ്പോഴെന്നെ
താലോലിക്കും താരാട്ടുപാടും??
എന്നെനിക്ക് അമ്മയോട് മാറ് ചേർന്ന്
ഉറങ്ങാൻ കഴിയും...?
സമയം വൈകാറായല്ലോ , സൂര്യൻ
അന്തിയുറങ്ങാറായല്ലോ
തേങ്ങാപ്പൂളുപോലെ ചന്ദ്രൻ
രജനിയിൽ വിളങ്ങാൻ പോകുമല്ലോ
എന്നമ്മ ഇന്ന് വരികയില്ലേ ?
എൻ കൊച്ചുതേങ്ങൽ വെറുതെയാകുമോ
എൻ ആനന്ദതയുടെ കാത്തിരിപ്പിന്ന്
അവസാനമില്ലേ?
അമ്മയുടെ വരവിനായി
കാത്തിരിപ്പൂ ഞാനിന്നും.........!!!



യോഗ ഡേ



കഥ

# رَغْبَة الْام

عَائِشَة أمْنَة - 10 E

كَانَ مُخْتَار وَلَدًا مُجْتَهِدًا.يَدْرُس فِي الصَّفِ الْعَاشِر. وَهُو نَشِيطٌ وَذَكِيٌّ. وَيَدْرُس بِجِدٍ وَاجْتِهَادٍ. وَيُحِبُّ أنْ يَكُونَ طَبِيبًا فِي الْمُسْتَقْبِل. يُحِبُّ أُمَّهُ كَثِيرًا وَأُمُّهُ أيْضًا يُحِبُّ أنْ يَكُونَ إبْنَهَا طَبِيبًا. يُسَاعِدُ أُمَّهُ فِي عَمَل الْمَطْبَخ وَالْمَزْرَع. مَاتَ أبُوهُ قَبْلَ خَمْسَ سَنَوَاتٍ. وَهُوَ مَحْبُوبٌ لَدَى الدَّارِسِين وَالْمُدَرِّسِين.

ذَات يَوْمٍ ذَهَبَ إلي السُّوقِ لِشِرَاءِ الْفَوَاكِه وَالْخَضَرَوَات. وَفِي الطَرِيقِ لَقِيَ صَدِيقَهُ مَاجِد. فَسَأَلَ مَاجِد أيْنَ تَذْهَبُ ؟ أجَابَ مُخْتَار أذْهَبُ إلَي السُّوقِ. فَسَأَلَ مَاجِد أأنْتَ تَجِيئ مَعِي إلَي سَاحِلٍ الْبَحر؟ قَالَ نَعَمْ.فَذَهَبَا إلَي سَاحِلِ الْبَحر.وتَكَلَّمَا طَوِيل الْوَقْتِ. فقَالَ مَاجِد أخَذْتُ تَوْصِيل الْإنْتَرنت فِي بَيْتِي.أأنْتَ تَأخُذُ تَوْصِيل الْإنْتَرنت فِي بَيْتِك؟ فَقَالَ مُخْتَار سَأسْأل لِأُمِّي. فَرَجَعَ مُخْتَار إلَي بَيْتِهِ فَسَألَت إلي الْأُمّ يَا أُمِّي أحْتَاجُ شَبكَتُ الْإنْتَرْنَت. لَكِن قَالَت الأمّ يَا إبْنِي إنْتَرْنَت مُصِيبَةٌ وَمَشَقَّةٌ كَثِيرَة. إعْتَرَفَ مُخْتَار قَوْلهَا.

مَضَى الْأيَّام. فَجَاء الإمْتِحَان الدَّكْتُور. وَدَرَسَ بِجِدٍ وَاجْتِهَادٍ.وكَتَبَ جَيِّدًا. فَجَائَت نَتِيجَةُ الْإمْتِحَان. فَعَلِمَ مُخْتَار نَتِيجَتَهُ وَفَازَ. فَرِحَ مُخْتَار كَثِيرًا وَفَرَّ إلَي أمِّهِ.لاكِن رَأى فِي بَيْتِهِ رَجُلاً كَثِيرًا.فَسَأَلَ خَالِهِ مَاذَا أصَابَ يَا خَالِي؟ قَالَ الْخَال مَاتَ أُمُّك يَا إبْنِي. فَحَزَنَ مُخْتَار شَدِيدًا. وَبَكَى كَثِيرًا. فَقَالَ الْخَال يَا بُنَيَّ لاَ تَحزَنْ. قَدْ حَقَّقت رَغْبَةُ أمِّك.

## കഥ

# സ്നേഹം

കദീജത്ത് സിറാജ - 8 G

അച്ഛാ...ഉണ്ണി അലറി ചേട്ടാന്ന് പറഞ്ഞുകൊണ്ട് അമ്മയും ആർത്തു വിളിച്ചു. ആകെ കണ്ണീരും സങ്കടവും. ഒരു കാർ കൺട്രോൾ തെറ്റി വന്നതാണ്. അച്ഛന്റെ ജീവനും കൊണ്ട് പോയി. ഉണ്ണി ഭാഗ്യംകൊണ്ടാണ് രക്ഷപ്പെട്ടത്.

തന്നെ കുറിച്ച് അല്ലെങ്കിലും അമ്മയ്ക്ക് ആധി അതിരയെപ്പറ്റി ഓർത്തിരുന്നു.പെൺകുഞ്ഞാ... കെട്ടിച്ച് വിടേണ്ടേ...സംസ്കരണ ചടങ്ങ് കഴിഞ്ഞു. തന്റേതായ ഒരു ആഗ്രഹവും സന്തോഷവും അച്ഛന്ന് ഈ ഭൂമിയിൽ വച്ച് ലഭിച്ചിട്ടില്ല. കുടുംബത്തെ നോക്കി കാര്യങ്ങൾ നടത്താറായിരുന്ന അച്ഛന്റെ പതിവ്.പണിയെടുത്ത് കിട്ടുന്ന കാശ് ഒരു രൂപ പോലും വെറുതെ കളയില്ല. പുറത്ത് ഹോട്ടലിൽ പോയി ഒരു ഗ്ലാസ് ചായ പോലും കുടിച്ചിട്ടില്ല. ജോലി സ്ഥലത്ത് നിന്ന് ഭക്ഷണ സമയമാവുമ്പോൾ വിശപ്പടക്കി വെക്കും. എല്ലാം എന്റെ മക്കൾക്കുള്ളതാണ് എന്ന് നിത്യേന പറയും. ഇപ്പോൾ അച്ഛനും യാത്രയായി. അമ്മ തന്റേടമുള്ളവളാണെങ്കിലും ഈ വാർത്ത കേട്ടപ്പോൾ ഒന്ന് പതറിപ്പോയി. ചുറ്റിലും ശത്രുക്കളാണ്. അവർ വിരിച്ച വലയിൽ വീഴാതിരിക്കാൻ വേണ്ടി ഇപ്പോൾ അമ്മ കുറച്ച് ദൂരത്തുള്ള അമ്പലത്തിലേക്ക് പോലും മക്കളെ വിടാറില്ല. ശത്രുക്കൾ എന്തും ചെയ്യും. പക്ഷെ എങ്ങനെയാ ശത്രുക്കളായതെന്നറിയില്ല.



അമ്മ രണ്ടാം വിവാഹത്തിന് തയ്യാറായില്ലെങ്കിലും പിന്നീട് ദുരാവസ്ഥകൾ മറികടക്കാൻ വേണ്ടി സമ്മതിച്ചു. കല്യാണം കഴിഞ്ഞു. വരന്റെ നാട് കണ്ണൂരായതിനാൽ വധുവിന്റെ വീട്ടിലാണ് താമസം. ശത്രുക്കൾക്ക് നടുവിൽ തന്നെ താമസം. നല്ല 82 സെന്റ് വീടും സ്ഥലവും. വിൽക്കാൻ മനസ്സ് വന്നില്ല. എന്നാലും വിൽക്കാൻ വേണ്ടി വഴങ്ങി.ഇന്നലെ ആതിര കാഷ്ടിച്ചാ രക്ഷപ്പെട്ടത്. ആളുകൾ ഇങ്ങനെ അധപതിച്ച് പോകുമ്പോൾ താൻ എന്ത് ചെയ്യണമെന്നും അമ്മയ്ക്കറിയില്ല. മനക്കണക്കില്ലാതെ ജീവിതം നീളുകയാണ്.

തന്റെ ഇപ്പോഴത്തെ ഭർത്താവിന് ഉണ്ണിയേയും ആതിരയേയും ഇഷ്ടമല്ലായിരുന്നു. താനും തന്റെ മക്കൾ ശരത്തും കുമാറും. പെൺകുഞ്ഞ് എന്ന പറയാൻ ഒന്നേ ഉണ്ടായിരുന്നുവെങ്കിലും അതിനോട് കലിയായിരുന്നു. ശരത്തും കുമാറും അച്ഛന്റെ ലാളനയിൽ സ്വഭാവം ദുഷിച്ചു പോയി. എന്നാൽ ഉണ്ണിക്കും അതിരക്കും അച്ഛനെന്നാൽ ജീവനായിരുന്നു. ആത്മാർത്ഥമായ സ്നേഹം ഉണ്ടായിട്ടും അവഗണിക്കപ്പെടുകയാണ് ഇരുവരും.

അച്ഛന്റെ ദുഷ്പ്രവൃത്തി സഹിക്കാനാവാതെ അമ്മ ഡിവോഴ്സിന്റെ വക്കിലെത്തി. ഡിവോഴ്സും നടന്നു. അവർ വേർപിരിഞ്ഞു. അമ്മ വക്കീൽ പഠനം പൂർത്തിയാക്കി വക്കീലായി ജോയിൻ ചെയ്തു. അങ്ങനെ 25 വർഷം നീണ്ടു. കുമാറും ശരത്തും കല്യാണമൊക്കെ കഴിഞ്ഞ് കുട്ടികളൊക്കെയായി അങ്ങ് സുഖിക്കുകയാണ്. അച്ഛനും ഉണ്ട്. വീട്ടിലല്ല, വൃദ്ധസദനത്തിൽ എന്ന് മാത്രം. ആട്ടും തുപ്പും സഹിച്ച് ജീവിക്കുകയാ, ശിഷ്ടകാലം. അങ്ങനെ അച്ഛൻ വയ്യാതെ തളർന്നു വീണു. രണ്ട് കിഡ്നിയും നഷ്ടപ്പെട്ടു. കിഡ്നി മാറ്റിവെക്കുകയല്ലാതെ വഴിയില്ല. ശരത്തും കുമാറും കയ്യൊഴിഞ്ഞു. ഏതോ വക്കിൽ ജീവിക്കുന്ന ഉണ്ണിയും ആതിരയും ഓടി വന്ന് വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുത്തു. ഉണ്ണി തന്റെ കിഡ്നി അച്ഛന് സമ്മാനിച്ചു. കണ്ണ് തുറന്ന് നോക്കുമ്പോൾ തന്റെ ജീവൻ നഷ്ടപ്പെട്ടിട്ടില്ല. എന്നാലും ആരാണ് പുനർജീവൻ തനിക്ക് സമ്മാനിച്ചതെന്നറിയാൻ ഇയാൾക്ക് ധൃതിയായി. ഏതെന്നാലും വിശ്വസിക്കാൻ പറ്റാത്ത ആ മറുപടി അയാളെ അസ്വസ്ഥനാക്കി. ആദ്യം വിശ്വസിച്ചില്ല. പിന്നെ സത്യമല്ലേ... അംഗീകരിച്ചു. അയാൾ ഉണ്ണീടെ അടുത്ത് പോയി ചോദിച്ചു :"എന്തിനാ ഇതൊക്കെ? കാശ് എത്രയാ വേണ്ടത്?" "കാശിനാണേൽ ഞാനിത് നിങ്ങൾക്ക് തരില്ലായിരുന്നല്ലോ." ഈ മറുപടിക്ക് മുന്നിൽ അച്ഛൻ പകച്ചു പോയി. "ഈ ആത്മാർത്ഥമായ സ്നേഹം തന്റെ മക്കൾ പോലും കാണിച്ചില്ല. തൻ ദ്രോഹിച്ച് തയമ്പ് കെട്ടിയ ഇവർ ആപത്തിൽ എന്നെ സഹായിച്ചു." എന്ന പറഞ്ഞു കൊണ്ട് ഒന്ന് മയങ്ങിപ്പോയി. പിന്നീട് എഴുന്നേറ്റത് മുതൽ താൻ ഇപ്പോൾ ജനിച്ചു വീണ കുട്ടിയെപ്പോലെയായി. മനസ്സിൽ വിഷമില്ല. നിഷ്കളങ്കമായ മനസ്സ്. എല്ലാവരോടും ആത്മാർത്ഥമായ സ്നേഹമുള്ള പെരുമാറ്റം. ഉണ്ണിയുടെ ഈ പ്രവൃത്തി ഇദ്ദേഹത്തിന്റെ കാണ്ണുകൾ തുറപ്പിച്ചു. അപ്പോൾ അയാൾ ഉച്ചത്തിൽ പാടി :

"സ്നേഹമാണഖില സാരമൂഴിയിൽ....."

ഇത്കേട്ട എല്ലാവരും പൊട്ടിച്ചിരിച്ചു. ചിലരു പിറുപിറുക്കുന്നുണ്ടായിരുന്നു. തുടർന്നുള്ള ഇദ്ദേഹത്തിന്റെ ജീവിതം സ്നേഹത്തിന്റെ പര്യായമായിരുന്നു.

## കവിത

# രക്തത്തിന്റെ മണം

ആരതി - 9 E



**മാ**റുന്ന മാനുഷ്യരെന്നു കരുതി
മാറുന്നില്ല മഹിയെന്നും
രക്തം ചീന്തുന്ന ചേകവനാടിന് കണ്ണീരൊ-
ലിച്ചൊരു ദിനമില്ല
മണ്ണിന്റെ മധുവാർന്ന മാധുരിയിൽ നിന്ന്-
ചോരതൻ തിളപ്പിന്റെ മണമാറുന്ന
മരണം ഭയമുള്ള മാനവർക്കിന്ന്
മരണമെന്ന ചിന്തയില്ല
കൊല്ലും കൊലവിളിയുയായി നടന്നവർ
ജീവിതത്തിൽ ഇന്നെന്തുനേടി

# കൂട്ടുകാരി

ആയിഷത്ത് അൻഷീദ സി വി 9 G



**കൂ**ട്ടുകാരി അവൾ കൂട്ടു കൂടിയെന്നിൽ
കൂട്ടുതേടി വന്ന കുരുവിയവൾ
കാറ്റിലെ കുളിർമയും കടലിലെ ആഴവും
തേടി പറഞ്ഞ സ്നേഹ സാഗരം
പുസ്തകതാളുകളിൽ തൂലികകൊണ്ട്
തീർത്ത വിപ്ലവം അതാണവൾ
കലാലയ ജീവിതത്തിൽ സ്വാധീനിച്ച
ഓർമ്മകൾ ഓർക്കുന്ന അവളായിരുന്നു എല്ലാം
ഒന്നിച്ചിരുന്നു കഴിച്ച ഊണും
പുസ്തകത്തിനുള്ളിലെ വികൃതിയും
അദ്ധ്യാപികയുടെ പിറുപിറുക്കിനുമുന്നിലും
ഒന്നിച്ചു നിന്ന എന്റെ വലംകൈയായിരുന്നവൾ.

കഥ

# صَدِيقَةٌ حَسَنَةٌ

فَاطِمَة بی 10 E

كَانَت جَارِيَة بِنْتا صَغِيرَةً. وَهِيَ نَشِيطَةٌ وَذَكِيَّةٌ. لاكِن وَهِيَ سَمِينَةٌ. تَدْرُسُ جَارِيَة فِي الصَّفِ الْخَامِس. لَمْ كَانَة أصْدِقَاءً لِأَنَّهَاسَمِينَةٌ. تَجْلِسُ وَتَمْشِي وَتَدْرُسُ وَتَأْكُلُ وَ تَلْعَبُ وَحِيدةً. وَلِذَلِك حَزِنَت جَارِيَة كَثِيرةً.

يَوْمًا جَائت فَاطِمَة إلي مَدْرَسَتِهَا. وَهِيَ بِنْتًا حَسَنَةً. وَجَلَسَت عَلَي الْمَقْعَدِ عِنْد جَارِيَة. وَتَكَلَّمَت لِجَارِيَة. وَأَجَابَت مَعَ الْفَرْحِ وَالسُّرُورِ. وَقَالَت حَالِهَا. كَانَت وَحِيدَةٌ. لَمْ عِنْدِي أَصْدِقَاءُ. وَبَدَأَتِ الْبُكَاء. إذًا طمأنت الْفَاطِمَة جَارِيَة. وَقَالَت لاَ تَحْزن جَارِيَة. أَنَا مَعَكِ. وَبَكَت جَارِيَة أَمَامَ هَذِهِ الْمَحَبَّة.وَأَصْبَحَتْ صَدِيقَيْنِ حَبِيبَيْنِ

.



**കവിത**

# फिर भी हमनॆ कुछ नही किया।

ഫാത്തിമത്ത് സുനൈന 9 G

औरत , न हॆ कॊई खॆलनॆ कि चीज ,
औरत, न हॆ कॊई पयास बुजानॆ कि चीज ,
औरत, तॊ औरत है....
जॊ जिनदगी की सारॆ गडनाऑ कॊ पार कर,
सारॆ आपनी की परॆशानयॊं कॊ समीट कर ,
आपनी सपनॊ की तॊडकर ,
जॊ ज़िनदगी मे हार कर दूसरॊं कॆ लियॆ जीती हे
वॊ हॆं औरत , याने कि हम सबकी माँ ......
माँ, जिसने इस दुनियाँ को दिया
कई सारे प्रशस्त लोग ....
माँ , जिसनॆ इस दुनिया कॊ दिया
महतव बरा प्यार.....
जिसकॆ मन मॆ ना कॊई दुरविचार....
और नहि कॊई ढर...
वॊ हॆ मां ,वॊ है एक औरत |



पर आज सब जगह बिकरकॆ पडा
हॆ औरतॊं|
जॊ बिकरी हॆ हर जगह
रॆत कॆ तरह |
जिसकॊ बन्नी ती अपनी जिनदगी
मॆ भी क मां |
एक समूह मिठा रही हॆ
लडकियॊं कि वजूद |
तब एक समूह मिटा रही हॆ
लडकियॊं कि जिनदगी ...
फिर भी हमनॆ कुछ नही किया ...
एक समूह मिठा रही हॆ ,
लडकियॊं कि इज्जत ....
एक समूह इस दॆखकर
कॆहतॆ हॆ खुश किसमत ....

फिर भी हमनें कुछ नही किया
पडनें इजाजत लडकें कों ,
न पडनें कें इजाजत लडकें कों ,
फिरभी हमनें कुछ नही किया ....
जन्म सें ही बिठादी लडकें कों ,
जन्म सें ही मिठादी मासूम लडकियों कों ,
फिर भी हमनें कुछ नहि किया....
लडकी बाहर गयी,तों सात में गयी घर की इज्जत
झगडा करों लडकें बाहर जाकें तों कहें कि
चोंठी उमर की शरारत ।
फिर भी हमनें कुछ नही किया .....
रों रही है लडकिया, लडकी हॉकर जन्म हॉनें कें लियें,
हस रही है लडकों लडकें हॉनें कें लियें ।




पर आज भी वही आँख
बरी तों याद आती है माँ लडकें कों
आज भी वही चोंठ लगीतों याद आती हैं
सिरफ तब यादा ती है माँ...
बोंहत हॉगयी लडकों की मनमरजी ,
बोंहत हॉगयी लडकों कि शरारती,
इसलियें आवाज उठाऒ लडकियों ,
शोंर मचाऒ लडकियों ......,
आवाज बढाऒ लडकियों...,
डर कर नही डट कर करोंगी
अब जिदगी की सामना ।
कर लें अपनी जिनदगी कों रोंशन
अब बात उठाऒ , बात बढाऒ,
बात बदलों ,सोंच बदलों
अब बात उठाऒ , बात बढाऒ।

**കഥ**

# പുതിയ തലമുറ...!!

ആയിഷത്ത് ഹന റഫീക്ക് 9 E

**ഈ** കാലത്ത് മൊബൈൽ ഫോണിൽ കൂടിയുള്ള അനാവിശ്യ കാര്യങ്ങൾക്കിടയിൽ സ്വന്തം മാതാ പിതാക്കൾ മരിക്കുന്നത് മക്കൾ അറിയുന്നില്ല. ശഹാം എന്ന ഒരു ഇരുപതുകാരന്റെ കഥയാണ്. ശഹാമിന്റെ ജീവിതം എന്ന് പറയുന്നത് ഒരു മൊബൈൽ ഫോണിലാണ്. ഏതു സമയവും മൊബൈൽ ഫോണിലാണ് അവന്റെ കണ്ണുകൾ എന്തു സംഭവിച്ചാലും ശഹാമിന്ന് അറിയില്ല. അത്തരത്തിലുള്ള ഒരു കഥയാണ് ഇത്.

അങ്ങനെ ഒരു ദിവസം ശഹാം ഭക്ഷണം കഴിച്ച് ഇയർഫോണും കാതിൽവെച്ച് കൊണ്ട് വീട്ടിൽ നിന്ന് ഇറങ്ങി. വഴിയിൽ ഒരാൾക്കൂട്ടം കണ്ട് ശഹാം വണ്ടിനിർത്തി. എന്നിട്ട് ഒരാളോട് ചോദിച്ചു എന്തു പറ്റി. അദ്ദേഹം പറഞ്ഞു ഒരു അപകടംപറ്റിയതാ.തട്ടിപ്പോവാൻ സാധ്യതയുണ്ട് ശഹാം കൗതുകത്തോടെ ആദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്തി. അദ്ദേഹം ആകെരക്തത്തിൽകുളിച്ചിരുന്നു.മുഖം വെക്തമായി കണ്ടില്ല.ഇത്രയുംപകർത്താൻ കഴിഞ്ഞല്ലോഎന്ന് ശഹാം വിചാരിച്ചു .കുറച്ച് സമയം കൂടി ഇവിടെ നിന്നാൽ ഇയാളെ ആശുപത്രിയിൽ കൊണ്ടു പോകേണ്ടി വരുമെന്ന് ഓർത്ത് ശഹാം ഒട്ടും സമയം കളയാതെ വീട്ടിലേക്ക് പോയി.





വീട്ടിൽച്ചെന്ന് ശഹാം പകർത്തിയ വീഡിയോ കൂട്ടുകാർക്ക് സെന്റ് ചെയ്തു കൊടുത്തു. കുറച്ച് കഴിഞ്ഞപ്പോഴേക്കും ശഹാമിന്റെ ഫോണിലേക്ക് ഒരു കോൾ വന്നു.കൂട്ടുകാരൻ ഭയത്തോടെ പറഞ്ഞു.നീ പെട്ടന്ന് തന്നെ ആശുപത്രിയിലേക്ക് വരണം. ശഹാമിന്ന് കൂട്ടുകാരന്റെ സംസാരത്തിൽ എന്തോ പന്തികേട് കണ്ട് അവൻ ആശുപത്രിയിലേക്ക്പോയി.അവിടെ എത്തിയപ്പോൾപരിചയം ഇല്ലാത്തആളുകളെ കണ്ട് അവൻ ഭയന്നു. കൂട്ടുകാരൻ സമാധാനത്തോടെ ശഹാമിനോട് പറഞ്ഞു. ശഹാം വിശമിക്കേണ്ട. ചോര പുരണ്ട മുഖം തന്റെ പിതാവിന്റേതായിരുന്നു.ഇത് കേട്ട ശഹാമിന്ന് തന്നിൽനിന്ന്ഇത്രയും ക്രൂരതയുണ്ടായെന്ന് മനസ്സിലായി. അവൻ സങ്കടംസഹിക്കാനാവാതെ പൊട്ടി കരഞ്ഞു.അങ്ങനെ ശഹാമിന്ന് മനസ്സിലായി മൊബൈൽ ഫോണിൽ കൂടിയുള്ള ആപത്തുകൾ.

അതു കൊണ്ട് നമ്മൾ ഒരൊ വെക്തിയും മനസ്സിലാക്കുക ഈ ആപത്തിനെ കുറിച്ച്.

"നമ്മൾ എല്ലാവരെയും ആപത്തിൽ നിന്ന് രക്ഷിക്കണം. അത് എന്ത് തിരക്ക് ഉണ്ടായാലും എങ്കിൽ മാത്രമേ നമ്മുക്ക് നന്മ ഉണ്ടാവും."

## കവിത

# തൂലിക വിപ്ലവം

ആയിഷ 9 G

ഞാൻ വിടവാങ്ങുന്നു
മാറ്റങ്ങൾ കൊയ്ത്ത വിപ്ലവത്തിന്റെ യുദ്ധ ഭൂമികയിൽ നിന്നും
വർഗ്ഗങ്ങൾ തീർത്ത ക്രൂരതകളുടെ വരമ്പുകളിൽനിന്നും
നുണകൾകൊണ്ട് കെട്ടിപ്പൊക്കിയ ചീട്ടുകൊട്ടാരങ്ങളിൽ നിന്നും
ഉരുകിത്തീർന്ന വനഷ്യത്ത്വത്തിന്റെ
മഞ്ഞുമലകളിൽ നിന്നും
കരയാൻ..... കലഹിക്കാൻ.... കാതോർക്കാൻ......
ഞാനുമുണ്ടായിരുന്നു കൂടെ
നിർഭയം ....... സൗമ്യം .....
മുൾചെടികളിൽ തട്ടി അനന്തതയിൽ കൈയിട്ടു പട്ടം നോക്കി
വാവിട്ടു കരയുന്ന കുഞ്ഞു ഹൃദയത്തിന്റെ കരച്ചിലിനും
മുന്നിൽ .... ഞാൻ വിടവാങ്ങുന്നു.
ആയുധങ്ങൾ തോൽക്കുംവരെ
എന്റെ വാക്കുകൾ തോൽക്കുകയില്ല
ഈ ഊരിൽ വീണ്ടും പെരുംമ്പാമ്പുകൾ
തലയുയർത്തുംവരെ എന്റെ മഷിക്ക്

കട്ട പിടിച്ച രക്തത്തിന്റെ ഗന്ധമാണ്.



# വരകൾ - വർണ്ണങ്ങൾ















# വായനാ ദിനം







നാഗാസാക്കി ദിനം

വൈക്കം മുഹമ്മദ് ബഷീർ ദിനം






മലയാളത്തിളക്കം

ഗാന്ധി ജയന്തി ദിനം





ചാച്ചാജി ദിനം

ഭക്ഷ്യമേള






ഹലോ ഇംഗ്ലീഷ്





## സ്കൂൾ കലോത്സവം



# നന്ദിയോടെ



നസ്റ ഫാത്തിമ
എഡിറ്റർ

ടി.ഐ.എച്ച്.എസ്.എസ്
നായന്മാർമൂലയിലെ
വിദ്യാർത്ഥികൾ തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിനാണിത്.
ഞങ്ങളുടെ സ്ക്കൂളിലെ കലാസാഹിത്യ
അഭിരുചിയുള്ള അധ്യാപകരും
വിദ്യാർത്ഥികളും ഒത്തുചേർന്ന കൃതികളാണ്
ഇതിന്റെ ഉള്ളടക്കം. ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികളുടെ ആദ്യ സംരംഭമാണ്
ഇത് . ഇതിൽ വല്ല തെറ്റുകൾ
വന്നിട്ടുണ്ടെന്കിൽ അത്
പരിഹരിച്ചുകൊണ്ട് വായിക്കണമെന്ന്
വിനീതമായി
അഭ്യർത്ഥിക്കുന്നു.
ഇതിന് വേണ്ടി ഞങ്ങളോട്
സഹകരിച്ചവർക്കുള്ള നന്ദി
ഇവിടെ കുറിക്കട്ടെ